2015-16 സാമ്പത്തിക വർഷത്തിൽ ഓപ്പൺ വെജിറ്റബിൾ കൾട്ടിവേഷൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും "എല്ലാ വീട്ടിലും കറിവേപ്പ് " എന്ന പരിപാടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മലയാള മനോരമയുമായി ചേർന്ന് നടപ്പിലാക്കി.

കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ 24275 വീടുകളിൽ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. 46 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 3 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, ജൈവ വളങ്ങൾ, പൂച്ചെടികൾ, ജൈവരോഗകീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനുമായി 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ ഒരു നഴ്സറി പ്രവർത്തിച്ചുവരുന്നു. 2 കോടിയിൽപ്പരം പച്ചക്കറിത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജൈവകീടനാശിനികൾ, നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിപണനം നടത്തിവരുന്നു. വിത്തുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ ഇക്കോ ഷോപ്പുകൾ മുഖേനയും ജൈവ ഉൽപ്പാദനോപാധികൾ വിതരണം ചെയ്യുന്നു.

റബ്ബർ കർഷകർക്കുള്ള സഹായം

190 (1565) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവിനെത്തുടർന്ന് പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ റബ്ബറിന് തറവില നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ച പദ്ധതികൾ ഏതെല്ലാമാണ്;വ്യക്തമാക്കാമോ;

(ഡി) ആയതിന് ആകെ എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) റബ്ബർ വിലയിടിവ് മൂലമുണ്ടായ സാമ്പത്തിക പ്രയാസം കാരണം കർഷകർ ഈ കാലയളവിൽ ആത്മഹത്യ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇങ്ങനെ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തെ സഹായിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി 25-2-2014 തീയതിയിലെ സ.ഉ. (എം.എസ്.) നമ്പർ 56/2014/കൃഷി പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 3-7-2015-ലെ സ.ഉ. (പി) നമ്പർ 269/2015/ധന. പ്രകാരം 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. സംസ്ഥാനത്തെ ശരാശരി റബ്ബർ ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകനും ഒരു വർഷം ഹെക്ടറൊന്നിന് 1800 കിലോഗ്രാമിൽ പരിമിത പ്പെടുത്തിയായിരിക്കും അർഹമായ സാമ്പത്തിക സഹായം നൽകുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. സാമ്പത്തിക സഹായം അപേക്ഷകനൊന്നിന് രണ്ട് ഹെക്ടർ റബ്ബർ കൃഷിക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ RSS IV, RSS V, Latex എന്നീ തരം റബ്ബറുകൾക്കാണ് സബ്സിഡി നൽകിവരുന്നത്. ഭൂനികുതി അടച്ച രസീതോ റവന്യൂ അധികാരികൾ നൽകുന്ന കൈവശാവകാശ രേഖയുടെയോ അടിസ്ഥാനത്തിൽ കർഷകർക്ക് ഈ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഡി) സ്വാഭാവിക റബ്ബറിന് വില താഴ്ന്നിന്ന സാഹചര്യത്തിൽ സ.ഉ. (എം.എസ്.) നമ്പർ 56/2014/കൃഷി തീയതി 25-2-2014 പ്രകാരമാണ് റബ്ബർ സംഭരണം ആരംഭിച്ചത്. ഇതിനായി 2013-14-ൽ 4 കോടി രൂപയും 2014-15-ൽ 12 കോടി രൂപയും ഉൾപ്പെടെ ആകെ 16 കോടി രൂപയാണ് പിൻവലിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതിപ്രകാരം 10-2-2016 വരെ 3,94,038 സെയിൽസ് ബില്ലുകളിലായി 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ&എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം റബ്ബർ വിലയിടിവ് മൂലമുള്ള സാമ്പത്തിക പ്രയാസം കാരണം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

191 (1566) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കൃഷി വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെ, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചു ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ നടപടി

192 (1567) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) എൻഡോസൾഫാൻ ഉൾപ്പെടെയുള്ള മാരക വിഷം തളിച്ച പഴങ്ങളും, പച്ചക്കറികളും സംസ്ഥാനത്ത് വിപണനം നടത്തുന്നത് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കൃഷിയോഗ്യമായ ഭൂമി തരിശായി ഇടുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ഡി) തരിശുഭൂമി പിടിച്ചെടുത്ത് കൃഷി ചെയ്യുവാൻ സന്നദ്ധരായവർക്ക് പാട്ടത്തിന് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly